**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4772** **23.07.2015-ൽ മറുപടിയ്ക്ക്**

## അതിരപ്പിള്ളി കാടർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീമതി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പദ്ധതി പ്രകാരം അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ കാടർ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; | എ) | അതിരപ്പള്ളി പഞ്ചായത്തിലെ കാടർ വിഭാഗക്കാർക്കായി പി.വി.ടി.ജി പദ്ധതി പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. ഭവന നിർമ്മാണം - 104 എണ്ണം<br>2. വൈദ്യുതീകരണം - 2 കോളനികൾ (വാച്ച്മരം, മുക്കംപുഴ)<br>3. മണ്ണ്/ജല സംരക്ഷണം - 3 കോളനികൾ (പെരുമ്പാറ, ഷോളയാർ, ആനക്കയം)<br>4. പോഷകാഹാര വിതരണ പദ്ധതി - (ഒരു തവണ, 360 കുടുംബങ്ങൾ)<br>5. മൊബൈൽ മെഡിക്കൽ യൂണിറ്റ് - 1 (പ്രതിമാസം 2 തവണ) |
| ബി). | പദ്ധതിയുടെ വിശദവിവരങ്ങളും, പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | ബി) | <u>ഭവന നിർമ്മാണം</u><br>104 വീടുകളാണ് അതിരപ്പള്ളി പഞ്ചായത്തിലെ എട്ട് (8) കോളനികളിലായി അനുവദിച്ചിട്ടുള്ളത്. വീട് ഒന്നിന് 3.5 ലക്ഷം രൂപയാണ് നൽകുന്നത്. ഭവന നിർമ്മാണം ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തിവരുന്നത്. 81 വീടുകൾ വാർക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം നടന്നു വരുന്നു. മാസം തോറും ഗുണഭോക്തൃ യോഗങ്ങൾ കൂടി പദ്ധതി പുരോഗതി വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| | | | വൈദ്യുതീകരണം, മണ്ണ്/ജലസംരക്ഷണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാര വിതരണം, മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കി വരുന്നു. ഭവന നിർമ്മാണ പദ്ധതി 2015 ഡിസംബർ 31-നകം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ യാതൊരു സുതാര്യതയും ഇല്ലായെന്നും വലിയ അഴിമതിയാണ് ഇതിന്റെ പിന്നിലുള്ളതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതന്വേഷിച്ച് അഴിമതി ഒഴിവാക്കി പദ്ധതി സുതാര്യമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഇല്ല.<br>പദ്ധതിയുടെ പ്രവർത്തനം സുതാര്യമായിട്ടാണ് നടത്തി വരുന്നത്. ജില്ലാ കളക്ടർ ചെയർമാനായ പി.വി.ടി.ജി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വരുന്നുണ്ട്. ഗുണഭോക്താക്കൾ നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ